**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2346**

**05/11/2019- ലെ മറുപടിക്ക്**

**തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിൽ ടെലി കോബാൾട്ട് മെഷീൻ**

| ചോദ്യം<br>**ശ്രീ.അനിൽ അക്കര** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിൽ ടെലി കോബാൾട്ട് മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ; | വടക്കാഞ്ചേരി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിൽ ടെലി കോബാൾട്ട് മെഷീൻ വാങ്ങുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറുടെ **16.06.2018**-ലെ ആർ.ഡി **5-1250/18** നമ്പർ നടപടിക്രമം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. **06.07.2019**-ലെ സ.ഉ (സാധാ)നം.**5252/2019**/ധന പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനു ടെലി കോബാൾട്ട് മെഷീൻ വാങ്ങുന്നതിന് ഭരണാനുമതി തുകയായ **3,50,00,000/-** (മൂന്ന് കോടി അമ്പതു ലക്ഷം രൂപ) മുൻകൂറായി അനുവദിച്ച് പ്രത്യേകാനുമതി നൽകിയിരുന്നു. നിലവിൽ, ഇ ടെൻഡർ മുഖേന മെഷീൻ വാങ്ങുന്നതിനു കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനെ ഏല്പിച്ചിരിക്കുന്നു. |
| ബി) മെഷീൻ വാങ്ങുന്നതിനുള്ള ഫണ്ട് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ; | ട്രാൻസ്ഫർ ചെയ്തിട്ടില്ല. ഭരണാനുമതി ഉത്തരവിൽ **4210-02-800-95** എന്ന ശീർഷകത്തിൽ ഫണ്ടുകൾ കൈകാര്യം ചെയ്യുന്നത് **PWD** ആയതിനാൽ ഫണ്ട് ഉചിത മാർഗേന കൈമാറുന്നതിനായി ചീഫ് എഞ്ചിനീയർ **PWD** ക്കു കത്ത് നൽകിയിട്ടുണ്ട്. |
| സി) പ്രസ്തുത തുക ഏത് അക്കൗണ്ട് ശീർഷകത്തിൽ നിന്നുമാണ് ട്രാൻസ്ഫർ ചെയ്യേണ്ടതെന്നും ആയതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥനാരാണെന്നും അറിയിക്കുമോ? | പ്രസ്തുത തുക **4210-02-800-95** എന്ന ശീർഷകത്തിൽ നിന്നുമാണ് ട്രാൻസ്ഫർ ചെയ്യേണ്ടത്. ആയതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ **PWD** ചീഫ് എഞ്ചിനീയറാണ് . |

**സെക്ഷൻ ഓഫീസർ**